# വ്യവസായ കേരളത്തിന് കരുത്തേകാൻ പുതിയ ലോജിസ്റ്റിക്സ് പാർക്ക് നയം



**എസ്. ഹരി കിഷോർ ഐ.എ.എസ്**

ഇന്ത്യൻ മഹാസമുദ്രവും അറബിക്കടലും ഒരുക്കിവെച്ച തീരങ്ങളാലും ശാന്തമായ കായൽ പരപ്പുകളാലും സമൃദ്ധമായ കേരളം, ചരക്കു ഗതാഗത രംഗത്ത് പുതിയ ചുവടുവെപ്പിനൊരുങ്ങുകയാണ്. സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ലോജിസ്റ്റിക്സ് പാർക്ക് നയത്തിന്റെ (2024) കരട് രൂപം, ലോജിസ്റ്റിക്സ് മേഖലയിൽ, സംസ്ഥാനത്തിന് വലിയ സാധ്യകൾ ഒരുക്കുമെന്നതിൽ സംശയമില്ല. വ്യവസായ വകുപ്പ് മുന്നോട്ടുവെച്ച ഈ നയം സംസ്ഥാനത്തിന്റെ ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങളിൽ വിപ്ലവം സൃഷ്ടിക്കാനും നിക്ഷേപങ്ങൾ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു. ഗണ്യമായ നിക്ഷേപങ്ങളും വിവിധ തലത്തിലുള്ള സംരംഭങ്ങളും ഉപയോഗിച്ച്, ഇന്ത്യയുടെ കുതിച്ചുയരുന്ന ലോജിസ്റ്റിക് വ്യവസായ രംഗത്ത് കരുത്തുറ്റ മുന്നേറ്റം കാഴ്ചവെക്കാനും, ഉപഭോക്തൃ സ്ഥാനം പ്രയോജനപ്പെടുത്താനും കേരള സംസ്ഥാനം സജ്ജമാവുകയാണ്.

സംസ്ഥാനത്തെ ലോജിസ്റ്റിക് പാർക്കുകൾക്ക് നിക്ഷേപ സബ്സിഡി നൽകുന്നതാണ് കരട് ലോജിസ്റ്റിക് പോളിസിയുടെ പ്രധാന ആകർഷണം. ഈ സ്കീമിന് കീഴിൽ, 10 ഏക്കറിലധികം വരുന്ന ലോജിസ്റ്റിക് പാർക്കുകളിൽ 7 കോടി രൂപവരെയുള്ള സ്ഥിര മൂലധന നിക്ഷേപങ്ങൾക്ക് 20% സബ്സിഡി ലഭിക്കും. അഞ്ച് ഏക്കർ വരുന്ന മിനി പാർക്കുകൾക്ക് 3 കോടി രൂപയുടെ സബ്സിഡിയും ലഭിക്കും. ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിലൂടെ, അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കാനും സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കാനും ലക്ഷ്യമിടുന്നു. കൂടാതെ, ലോജിസ്റ്റിക്സ് പാർക്കുകളെ വ്യാവസായിക മേഖലകളായി പ്രഖ്യാപിക്കുന്നതിലൂടെ, നിർമ്മാണ പ്രക്രിയകൾ കാര്യക്ഷമമാക്കാനും ഏകജാലക സംവിധാനത്തിലൂടെ വേഗത്തിലുള്ള അനുമതികൾ നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു.

വ്യാവസായിക ഭൂമി ലോജിസ്റ്റിക് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്റെ വിപുലമായ സാധ്യതകൾ തിരിച്ചറിഞ്ഞ്, ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾക്കായി ഭൂമി വിട്ടുനൽകാൻ കരട് നയം നിർദ്ദേശിക്കുന്നു. ഈ പ്രധാന മാറ്റത്തോടെ നിലവിലുള്ള സാധനങ്ങളും സേവനങ്ങളും കാര്യക്ഷമമായി ഉപയോഗപ്പെടുത്താനും ലോജിസ്റ്റിക്കൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും സംസ്ഥാനത്തിന് സാധിക്കും. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും കോടിക്കണക്കിന് മൂല്യമുള്ള ഉൽപ്പന്നങ്ങൾ കേരളത്തിലെത്തുമ്പോൾ, ലോജിസ്റ്റിക്സിന് വേണ്ടി വ്യാവസായിക ഭൂമി പുനർ നിർണ്ണയിക്കുന്നത് തിരക്ക് കുറക്കാൻ കാരണമാകും. മാത്രമല്ല, ഗതാഗതത്തിലും വിതരണത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കാനും കഴിയും.

ലോജിസ്റ്റിക്സ് കൺസൾട്ടേറ്റീവ് ഫോറം പോലുള്ള സംരംഭങ്ങളിലൂടെ ഓഹരി ഉടമകളുടെ പങ്കാളിത്തത്തിന് കരട് ലോജിസ്റ്റിക് നയം ഊന്നൽ നൽകുന്നു. വ്യവസായ പങ്കാളികളെ ഉൾപ്പെടുത്തുന്നതിലൂടെ, വിലപ്പെട്ട മാർഗനിർദേശങ്ങൾ ശേഖരിക്കാനും പുതുതായി രൂപപ്പെടുന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ നയം നടപ്പിലാക്കാൻ സർക്കാർ ഊർജ്ജിതമായി ശ്രമിക്കുന്നു. കൂടാതെ, ലോജിസ്റ്റിക് മേഖലയിലെ നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം അടിവരയിടുന്നു. വിഭവ സമാഹരണം, ഗതാഗതം, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായി പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നതിനാൽ, അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ലോജിസ്റ്റിക്സ് രംഗത്തെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യം സജ്ജമാക്കാനും കേരളത്തിനാകും.

ലോജിസ്റ്റിക്സ് നയം സുഗമമായി നടപ്പിലാക്കുന്നതിന്, കരട് നയം നിരവധി സംവിധാനങ്ങൾ നിർദ്ദേശിക്കുന്നു. ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന തല ലോജിസ്റ്റിക് കോ-ഓർഡിനേഷൻ കമ്മിറ്റി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ലോജിസ്റ്റിക് സെൽ, നഗരങ്ങൾക്കായുള്ള പ്രത്യേക സമിതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തടസ്സങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാന തലത്തിലും നഗര തലങ്ങളിലും ഫലപ്രദമായ നയ നിർവ്വഹണം ഉറപ്പാക്കുന്നതിലും ഈ കമ്മറ്റികൾ നിർണായക പങ്ക് വഹിക്കും.

ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിലുള്ള കേരളത്തിൻെറ വളർച്ചയാണ് ലോജിസ്റ്റിക്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുന്നതിന് പിന്നിലെ പ്രേരകശക്തി. രാജ്യത്തെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സിന്റെ (എഫ്.എം.സി.ജി.) 6 ശതമാനത്തിലധികം സംസ്ഥാനം ഉപയോഗിക്കുന്നതിനാൽ, സാമ്പത്തിക വളർച്ചയ്ക്കുള്ള ഈ അവസരം പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തിനാകും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലോജിസ്റ്റിക് മേഖലയുടെ വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും കേരളത്തിന്റെ ഉപഭോക്തൃ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം വ്യവസായ വകുപ്പ് മനസിലാക്കുന്നു.

സർക്കാരും വ്യവസായ പങ്കാളികളും തമ്മിലുള്ള സഹകരണത്തിന്റെ ആവശ്യകത മനസ്സിലാക്കി, മേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പ്രസിദ്ധീകരിച്ച കരട് പോളിസിയെക്കുറിച്ച് വ്യവസായ പങ്കാളികളുടെയും ഓഹരി ഉടമകളുടെയും നിർദ്ദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം സർക്കാരിന്റെ അഭിപ്രായങ്ങളും സമന്വയിപ്പിച്ച് നയത്തിന്റെ അന്തിമ രൂപം ഉടൻതന്നെ പുറത്തിറക്കാൻ ഉദ്ദേശിക്കുന്നു.

കരട് ലോജിസ്റ്റിക്സ് നയം, കേരളത്തെ ലോജിസ്റ്റിക്സ് ഹബ്ബായി മാറ്റുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പ്രയാണത്തിലെ സുപ്രധാന നാഴികക്കല്ലാണ്. നിക്ഷേപ സബ്സിഡി മുതൽ നൈപുണ്യ വികസന പരിപാടികൾ വരെയുള്ള സമഗ്രമായ ഒരു കൂട്ടം സംരംഭങ്ങൾക്കൊപ്പം, ശക്തമായ അടിസ്ഥാന സൗകര്യ വികസനത്തിനും സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തിനും സാമ്പത്തിക വളർച്ചയ്ക്കും നയം വേദിയൊരുക്കുന്നു. കേരളത്തിന്റെ ഉപഭോക്തൃ സാധ്യതകൾ, സംരംഭകരുടെ പങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നതോടെ, ലോജിസ്റ്റിക് മേഖലയിൽ രാജ്യത്ത് ഒന്നാമതെത്താൻ കേരളത്തിനാകും. ലോജിസ്റ്റിക്സ് നയം അന്തിമ രൂപീകരണത്തിലേക്കും നടപ്പാക്കലിലേക്കും നീങ്ങുമ്പോൾ, പുതിയ അവസരങ്ങൾ തുറക്കാനും സുസ്ഥിര വികസനത്തിന്റെയും സമൃദ്ധിയുടെയും പാതയിലേക്ക് കേരളം മുന്നേറും. ■

**വ്യവസായ വാണിജ്യ വകുപ്പ്**
**ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി.**
**എം.ഡി. ആണ് ലേഖകൻ**

